**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **14-10-2024 - ൽ മറുപടിയ്ക്ക്**

**എരഞ്ഞോണ അബ്ദുൽ കരീം കൊലക്കേസ്**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ടി. എ. റഹീം</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൽ കരീം എന്നയാൾ കൊല്ലപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>എരഞ്ഞോണ അബ്ദുൾ കരീം എന്നയാൾ കൊല്ലപ്പെട്ടത് 28.09.2013 -ൽ ആണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കേസിലെ പ്രതികൾ ആരെല്ലാമാണ്; പ്രതികളിൽ ഓരോരുത്തരും ജാമ്യത്തിലിറങ്ങിയത് എന്നൊക്കെയാണ് വ്യക്തമാക്കാമോ;</td><td>(ബി)</td><td><table>
<tr><th>പ്രതികളുടെ പേര്</th><th>ജാമ്യത്തിൽ ഇറങ്ങിയ തീയതി</th></tr>
<tr><td>മിഥിലാജ്</td><td>11.07.14</td></tr>
<tr><td>ഫിർദൗസ്</td><td>11.07.14</td></tr>
<tr><td>മുഹമ്മദ് ഫായിസ്</td><td>12.08.14</td></tr>
<tr><td>മൈമൂന</td><td>29.08.14</td></tr>
<tr><td>റഫീഖ് കെ കെ</td><td>03.09.14</td></tr>
</table></td></tr>
<tr><td>(സി)</td><td>പ്രതികൾ ജാമ്യ വ്യവസ്ഥകൾ ലംഘിക്കുകയും മറ്റ് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്തതായ പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;</td><td>(സി)</td><td>അബ്ദുൾ കരീമിന്റെ മാതാവ് സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ട്. കേസിലെ രണ്ടാം പ്രതിയായ ഫിർദൗസ്, അഞ്ചാം പ്രതിയായ റഫീഖ് കെ കെ എന്നിവരുടെ ജാമ്യം റദ്ദ് ചെയ്യുന്നതിനായി 25.08.2023 - ൽ പബ്ലിക് പ്രോസിക്യൂട്ടർ മുഖേന ബഹു. കോഴിക്കോട് സെഷൻസ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അനുകൂല ഉത്തരവുകൾ ലഭിച്ചിട്ടില്ല.<br><br>കൊല്ലപ്പെട്ട അബ്ദുൾകരീമിന്റെ ബോഡി കണ്ടുകിട്ടാനുള്ള അന്വേഷണം നടന്നു വരുന്നതിനാലാണ് കുറ്റപത്രം സമർപ്പിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്.<br><br>അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് താമസംവിനാ കുറ്റപത്രം സമർപ്പിക്കുന്നതാണ്</td></tr>
<tr><td>(ഡി)</td><td>കൊലപാതകം നടന്ന് പതിനൊന്ന് വർഷം പൂർത്തിയായിട്ടും കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നത് അനന്തമായി വൈകിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;</td><td>(ഡി)</td><td>ഉത്തരം (സി) യിൽ ചേർത്തിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | സമാനതകളില്ലാതെ ക്രൂരകൃത്യം ചെയ്ത പ്രതികൾ ജാമ്യം നേടി സ്വൈര്യവിഹാരം നടത്തുകയും കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നത് വൈകുന്നതിനാൽ വിചാരണ ആരംഭിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നത് മൂലമുള്ള പ്രയാസം വിവരിച്ചുകൊണ്ട് കൊല്ലപ്പെട്ട അബ്ദുൽ കരീമിന്റെ മാതാവ് നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ; | (ഇ) | ഉത്തരം (സി) യിൽ ചേർത്തിട്ടുണ്ട്. |
| (എഫ്) | വൈകി ലഭിക്കുന്ന നീതി നീതി നിഷേധത്തിന് തുല്യമാണ് എന്നിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകാമോ? | (എഫ്) | ഉത്തരം (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ